വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിൻകീഴിൽ സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച സാഹചര്യത്തിൽ പി.എസ്.സി. നിയമനങ്ങൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഉള്ളതായി കാണുന്നില്ല.

(2) മദ്യദുരന്തം

ശ്രീ. കെ. ടി. ജലീൽ : സർ, നമ്മുടെ നാടിനെ നടുക്കിയ, മദ്യ ദുരന്തം മൂലം കുറ്റിപ്പുറത്തും വണ്ടൂരിലുമുള്ള നിരവധി ആളുകളുടെ ജീവൻ കവർന്നെടുക്കപ്പെട്ടു. ഗവൺമെന്റ് അക്കാര്യത്തിൽ കർശനമായ ഇടപെടലുകൾ നടത്തി. കുറ്റവാളികളെ പിടികൂടി. ബന്ധപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപരിഹാരം പ്രഖ്യാപിക്കുകയും അത് നൽകുകയും ചെയ്തു. എന്നാൽ ക്യാബിനറ്റ് തീരുമാനിച്ച നഷ്ടപരിഹാരം കുറ്റിപ്പുറം പഞ്ചായത്തിലെ പെരശ്ശന്നൂർ സുബ്രഹ്മണ്യൻ എന്ന് പറയുന്ന ആളുടെ കുടുംബത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. അതിന്റെ കാരണം സുബ്രഹ്മണ്യന്റെ മരണം മദ്യദുരന്തത്തിന്റെ ഭാഗമായിട്ടുള്ളതാണെന്ന് അറിയുന്നതിനുമുമ്പ് മൃദദേഹം മറവ് ചെയ്തതാണ്. കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും അവിടെ വന്ന് ശവം പുറത്തെടുത്ത് വീണ്ടും പോസ്റ്റുമോർട്ടം നടത്തണമെന്ന് പറഞ്ഞപ്പോൾ അവരുടെ മതാചാരപ്രകാരം അതിൽ ചില ബുദ്ധിമുട്ടുകളുണ്ടെന്ന് അറിയിക്കുകയും എന്നാൽ അത് വേണ്ടായെന്ന് കളക്ടറടക്കമുള്ള ആളുകൾ തീരുമാനിക്കുകയുമായിരുന്നു. ഇതുവരെ ക്യാബിനറ്റ് തീരുമാനിച്ചതുപ്രകാരമുള്ള നഷ്ടപരിഹാരം സുബ്രഹ്മണ്യന്റെ കുടുംബത്തിന് ലഭ്യമായിട്ടില്ല. ഈ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അങ്ങ് പ്രത്യേകം മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മദ്യ ദുരന്തമുണ്ടായ അഞ്ച് സ്ഥലത്തുള്ള മദ്യഷാപ്പുകൾ ഇനി മേലിൽ തുറക്കരുത് എന്ന പ്രദേശവാസികളുടെ ശക്തമായിട്ടുള്ള അഭിപ്രായം ഗവൺമെന്റ് പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ് അച്ചുതാനന്ദൻ) : സർ, മലപ്പുറം ജില്ലയിലുണ്ടായ മദ്യദുരന്തത്തെത്തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം കള്ളുഷാപ്പുകൾ അടച്ചുപൂട്ടിയില്ല. ദുരന്തത്തെ തുടർന്ന് പല കള്ളുഷാപ്പുകളും ലൈസൻസികൾ സ്വമേധയാ അടച്ചിടുകയായിരുന്നു. പെരശ്ശന്നൂർ സ്വദേശി കെ. പി. സുബ്രഹ്മണ്യൻ ദുരന്തത്തിന് ഒരു ദിവസം മുമ്പാണ് മരിച്ചത്. പോസ്റ്റുമോർട്ടം നടത്താതെ മൃതദേഹം സംസ്ക്കരിച്ചതിനാൽ മരണത്തിന് കാരണം വിഷമദ്യമാണോ എന്ന കാര്യം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വ്യാജമദ്യം ഉപയോഗിച്ചവരുടേതിന് സമാനമായ ശാരീരിക അസ്വസ്ഥതകൾ മേൽപ്പടിയാൻ പ്രകടിപ്പിച്ചിരുന്നതായി ആശ്രിതരിൽ നിന്നും അറിയാൻ കഴിഞ്ഞതായി മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ പത്രമാധ്യമങ്ങളിൽ മരണം ഹൃദയാഘാതം മൂലമാണ് എന്നും റിപ്പോർട്ട് വന്നിട്ടുണ്ട്. കെ. പി. സുബ്രഹ്മണ്യത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly